കൈത്തറി സഹകരണ സംഘങ്ങളുടെ എണ്ണം

110(1381)ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കൈത്തറി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; ഈ സംഘങ്ങളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം എത്ര;

(ബി) കൈത്തറി സംഘങ്ങൾക്ക് എത്ര കോടി രൂപയുടെ റിബേറ്റ് കുടിശ്ശികയുണ്ട്; മറ്റ് കുടിശ്ശിക എത്രയാണ്, ഏതൊക്കെയാണ്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കോടി രൂപ കൈത്തറി സംഘങ്ങൾക്കായി നൽകി; ഓരോ ഇനത്തിലും നൽകിയ സംഖ്യ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) കൈത്തറി സംഘങ്ങളെയും കൈത്തറി വ്യവസായത്തെയും സംരക്ഷിക്കുവാൻ ലഭിക്കുന്ന കേന്ദ്രസഹായം എന്താണ്, കഴിഞ്ഞ 4 വർഷമായി സംസ്ഥാനത്തിന് ലഭിച്ച സഹായം എത്രയാണ്?

ഉത്തരം

(എ) ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ മൊത്തം 757 പ്രാഥമിക കൈത്തറി സംഘങ്ങളും തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു കേന്ദ്ര അപ്പക്സ് സംഘവും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കും ജോലി ചെയ്യുന്നവരുടെ എണ്ണവും ചുവടെ ചേർക്കുന്നു.

ജില്ലയുടെ പേര്	രജിസ്റ്റർ ചെയ്തസംഘങ്ങളുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം
തിരുവനന്തപുരം	360	48424
കൊല്ലം	79	12375
ആലപ്പുഴ	26	3782
പത്തനംതിട്ട	9	339
കോട്ടയം	16	2232
ഇടുക്കി	12	438
എറണാകുളം	32	5836
തൃശ്ശൂർ	32	7292
പാലക്കാട്	46	13477
മലപ്പുറം	13	3342
കോഴിക്കോട്	43	13737
വയനാട്	4	70
കണ്ണൂർ	74	16428

1130/2010.

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ്	11	4098
	757	131870

(ബി) കേരളത്തിലെ കൈത്തറി സംഘങ്ങൾക്ക് കൊടുത്തു തീർക്കാനുള്ള റിബേറ്റ്, എം.ഡി.എ. കുടിശ്ശിക ചുവടെ ചേർക്കുന്നു.

ജില്ലകൾ	നൽകാനുള്ള റിബേറ്റ്	നൽകാനുള്ളഎം.ഡി.എ
തിരുവനന്തപുരം	2,86,72.994	1,07,62.555
കൊല്ലം	15,75,648	3,05.936
ആലപ്പുഴ	13.165	20.551
പത്തനംതിട്ട	---	---
ഇടുക്കി	---	5.535
കോട്ടയം	1,11,134	1,13.691
എറണാകുളം	1,00,50 491	8,27.208
തൃശ്ശൂർ	53,42.522	5,22.077
പാലക്കാട്	82,32.018	12,29.779
മലപ്പുറം	29.269	95.537
കോഴിക്കോട്	37,73.177	15,11.563
കണ്ണൂർ	7,69.144	64,60.237
കാസർഗോഡ്	15,90.446	2,99.912
ഹാൻവീവ്		49,29.221

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിബേറ്റിനത്തിൽ 2405.63 ലക്ഷം രൂപയും എം.ഡി.എ. ഇനത്തിൽ 3600.69 ലക്ഷം രൂപയും നൽകിക്കഴിഞ്ഞു. കൂടാതെ വിവിധ പദ്ധതികൾക്കായി നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

പദ്ധതി	1996-97 മുതൽ 98-99 വരെ	1999-2000 ജനുവരി 31-ാം തീയതി വരെ	ആകെ (രൂ. ലക്ഷത്തിൽ)
1. സംസ്ഥാന പദ്ധതി	2,308.79	465.44	2,774.23
2. എൻ.സി.ഡി.സി. പദ്ധതിക്കായി സംസ്ഥാന വിഹിതം	947.50	31.80	979.30
3. എൻ.സി.ഡി.സി.യിൽ നിന്നുള്ള വായ്പ	2,340.17	23.60	2,363.77

LIBRARY ARCHIVES Kerala Legislative Assembly

4. 50% കേന്ദ്രാവിഷ്കൃത പദ്ധതികൾ	9.68	2.57	12.25
5. ഭാഗിക കേന്ദ്രാവിഷ്കൃത പദ്ധതികൾ	2,091.42	119.66	2,211.08
6. 100% കേന്ദ്രാവിഷ്കൃത പദ്ധതികൾ	400.83	81.75	482.58
7. യന്ത്രത്തറി പദ്ധതികൾ	101.09	17.15	118.24
			8,941.45

(ഡി) പ്രോജക്ട് പാക്കേജ് പദ്ധതി (50%) അംശദാന മിതവ്യയ ഫണ്ട്, ഹെൽത്ത് പാക്കേജ് (റീഇംപേഴ്സ്മെന്റ്), കൈത്തറി വികസന പദ്ധതി (വീടും പണിപ്പുരയും നിർമ്മിക്കുന്നതിന് ധനസഹായം) എന്നിവയാണ് പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികൾ. കഴിഞ്ഞ നാലു കൊല്ലമായി സംസ്ഥാനത്തിന് ലഭിച്ച സഹായം ചുവടെ ചേർക്കുന്നു.

1995-96	1996-97	1997-98	1998-99
1685.18 ലക്ഷം	2717.31 ലക്ഷം	1192.77 ലക്ഷം	1186.90 ലക്ഷം

കൈത്തറി-നെയ്ത്ത് വ്യവസായങ്ങൾക്ക് ചെലവഴിച്ച തുക

111 (1382)ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി, നെയ്ത്ത് വ്യവസായ രംഗത്ത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ചതും ചെലവാക്കിയതുമായ തുകയുടെ കണക്ക് വർഷം തിരിച്ചും പദ്ധതികളെ സംബന്ധിച്ചും വിശദമാക്കുമോ;

(ബി) ഹാൻടെക്സ്-ഹാൻവീവ് സ്ഥാപനങ്ങൾക്ക് നൽകിയ തുകയും ചെലവാക്കിയ തുകയും വർഷം തിരിച്ചും പദ്ധതിയെ സംബന്ധിച്ചും വ്യക്തമാക്കുമോ;

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിച്ച തുകയിൽ പദ്ധതി നടപ്പാക്കാത്തതിനാൽ സംസ്ഥാനത്ത് തുക നഷ്ടമായിട്ടുണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) കൈത്തറി നെയ്ത്തു വ്യവസായ രംഗത്ത് നടപ്പാക്കാൻ പോകുന്ന നവീകരണ പദ്ധതികളെ സംബന്ധിച്ച് വിശദമാക്കുമോ;

(ഇ) എല്ലാ വിഭാഗം കൈത്തറി തൊഴിലാളികൾക്കും പരിരക്ഷ ലഭ്യമാക്കുന്ന വിധം തൊഴിലാളി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാമോ എന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly